**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3172** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഫിഷറീസ് വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | 1) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് കടൽ പെട്രോളിംഗ് നടത്തുന്നതിൽ ക്രമക്കേടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് 13/05/2019—ൽ നടത്തിയ അന്വേഷണത്തിൽ, 2017, 2018, 2019 വർഷങ്ങളിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ വാടകയ്ക്ക് എടുത്തിരുന്ന ബോട്ടുകളിൽ ടെൻഡർ നിബന്ധനപ്രകാരമുള്ള ഹവർ മീറ്റർ ഘടിപ്പിക്കാതിരുന്ന വിവരം പെട്രോളിംഗ് ചുമതലയുള്ള ഉദ്യോഗസ്ഥർ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടു വരാതിരിക്കുക, ലോഗ് ബുക്ക്, ഹാജർ പുസ്തകം എന്നിവയിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ സഹിതം സൂക്ഷിക്കാതിരിക്കുക, പെട്രോളിംഗ് ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ പൊതു അവധി ദിവസങ്ങളിലും അവധി എടുത്തിട്ടുള്ള ദിവസങ്ങളിലും ട്രെയിനിംഗിൽ ആയിരുന്നപ്പോഴും പെട്രോളിംഗ് നടത്തിയതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തി 2,07,532/- രൂപ അധികമായി ബോട്ടുടമകൾക്ക് നൽകി സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയതായും കണ്ടെത്തി.<br><br>2) അഞ്ചു തെങ്ങ് മത്സ്യഭവൻ ഓഫീസിൽ 29/07/2021-ന് വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ, ഓഫീസിൽ സൂക്ഷിക്കേണ്ടതായ മൂവ്മെന്റ് രജിസ്റ്റർ, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ ഓഫീസിൽ സൂക്ഷിച്ചിട്ടില്ല എന്നും ജീവനക്കാരുടെ ഹാജർ പുസ്തകങ്ങളിൽ ഹാജർ നില/ അവധി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്നും കണ്ടെത്തി.<br><br>3) കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ 28/12/2021-ന് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ റെസ്ക്യൂ ഗാർഡ് വിഭാഗത്തിലെ താൽക്കാലിക ജീവനക്കാരായ മനു, |

| | | | |
|---|---|---|---|
| | | | ശിവകുമാർ, ബോട്ട് ഡ്രൈവർ നാരായണൻ എന്നിവർ ശ്രീ.ജെൻസൺ എന്നയാളുടെ വള്ളം കടലിൽ നിന്നും കണ്ടെടുത്ത് ഉടമസ്ഥനെ ഏൽപിച്ച വകയിൽ 750/- രൂപ വീതം കൈപ്പറ്റി. |
| (ബി) | പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | 1) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് കടൽ പെട്രോളിംഗ് നടത്തുന്നതിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് 13/05/2019—ൽ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ സതീശൻ.പി.വി, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.അനീഷ് കുമാർ.എ എന്നിവർക്ക് 15/05/2023-ലെ എ2/69/2022-F&P നമ്പർ കുറ്റപത്രം നൽകി കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ & അപ്പീൽ) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.<br><br>2) അഞ്ചു തെങ്ങ് മത്സ്യഭവൻ ഓഫീസിലെ ജീവനക്കാർ കൃത്യമായി ഹാജർ രേഖപ്പെടുത്താത്തത് സംബന്ധിച്ച വിശദീകരണം വാങ്ങുകയും, ഓഫീസിൽ കൃത്യമായി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തു.<br><br>3) കാസർഗോഡ് ഫിഷറീസ് വകുപ്പിലെ റെസ്ക്യൂ ഗാർഡ് വിഭാഗത്തിലെ താൽക്കാലിക ജീവനക്കാരായ മനു.പി, ശിവകുമാർ.കെ, ഫിഷറീസ് ബോട്ട് ഡ്രൈവർ നാരായണൻ.പി.വി എന്നിവരുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ അച്ചടക്ക ലംഘനം ആവർത്തിക്കുന്നപക്ഷം സേവനത്തിൽ നിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുമെന്ന് താക്കീത് നൽകി. |

സെക്ഷൻ ഓഫീസർ